# നവമാധ്യമങ്ങളും മലയാളികളുടെ സാമൂഹ്യജീവിതവും

ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ സോപാനത്തിലാണ് ഇന്ന് ലോകം. ശാസ്ത്രസാങ്കേതികവിദ്യയുടെ ദ്രുതഗതിയിൽ ഉള്ള വളർച്ചയ്ക്കൊപ്പം ഓടിയെത്താൻ ശ്രമിക്കുകയാണ് മാനവരാശി. ജീവിതം കൂടുതൽ രസാനുഭൂതിയുള്ളതാക്കുന്നതിനും സുഖസൗകര്യങ്ങൾ വർധിപ്പിക്കുന്നതിനും വേണ്ടിയാണ് ഇന്ന് ഭൂരിഭാഗം മനുഷ്യരും പരിശ്രമിക്കുന്നത്. ശാസ്ത്രസാങ്കേതികവിദ്യയുടെ വളർച്ചയെ നിരീക്ഷിക്കുമ്പോൾ ഏറ്റവും അധികം വളർച്ചയും വികസനവും നടന്നിരിക്കുന്നത് "മാധ്യമ"ങ്ങളുടെ കാര്യത്തിലാണ്. ലോകം മുഴുവൻ ഇന്ന് സാമൂഹ്യമാധ്യമങ്ങളോടൊപ്പമാണ് ചലിക്കുന്നത് എന്ന് തന്നെ പറയാം. അനേകകാര്യങ്ങൾ ചർച്ചചെയ്യുന്നതിനു വേണ്ടി ഒരുങ്ങുന്ന നമ്മൾ പലപ്പോഴും നമ്മുടെ ചുറ്റുപാടുകൾ ശ്രദ്ധിക്കാറില്ല. മലയാളികളുടെ ദൈനംദിനജീവിതമെന്ന് പരിശോധിച്ചാൽ അതുതന്നെ വലിയ ഒരു ചർച്ചയ്ക്ക് ഉതകുന്നതാണ്.

"നവമാധ്യമങ്ങളും മലയാളികളുടെ സാമൂഹ്യജീവിത-
വും" എന്നത് ആധുനിക സമൂഹത്തിൽ വളരെ-
യധികം പ്രാധാന്യമർഹിക്കുന്ന ഒരു വിഷയമാണ്.
"നവമാധ്യമങ്ങൾ" എന്ന പ്രയോഗിക്കുമ്പോൾ നാം
ഓർക്കേണ്ട ഒന്നുണ്ട് പ്രാചീനകാലത്തും മാധ്യമ-
ങ്ങൾ ഉണ്ടായിരുന്നു.

നളനും ദമയന്തിയും പ്രേമദൂതനായി
ഉപയോഗിച്ച ഹംസത്തിൽ തുടങ്ങി, ദൂതന്മാരായ
പ്രാവുകളും, കത്തുകളും, റേഡിയോയും, ഫോണും,
ടെലിവിഷനുമൊക്കെ കഴിഞ്ഞ് ഇന്ന് നമ്മൾ
മൊബൈൽ ഫോണുകളുടെ യുഗത്തിലെത്തിയിരി-
ക്കുന്നു. നിർമ്മിതബുദ്ധിയോടൊപ്പം സൃഷ്ടിക്കുന്ന
മനുഷ്യരുടെ മാധ്യമസംസ്കാരവും മാറിയിരിക്കുന്നു.
നവമാധ്യമസംസ്കാരം വളരെ പ്രകടമായി കാണാൻ
കഴിയുന്ന ഒരു പ്രദേശമാണ് മലയാളക്കര.

ഓരോ മലയാളിയുടെയും ജീവിതത്തിലെ
ഓരോ ദിനങ്ങളും, സുപ്രഭാതങ്ങളും മൊട്ടിട്ടു-
വിടരുന്നത് നവമാധ്യമങ്ങളോടൊപ്പമാണ്
എന്നു പറയുന്നതിൽ തെറ്റില്ല.

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

രാവിലെ മണിയടി ശബ്ദം പുറപ്പെടുവിച്ച് മൊബൈൽ ഫോൺ ബഹളം കൂട്ടുമ്പോൾ ഉണരുന്ന ഭൂരിഭാഗം "മലയാളി"കളും ആദ്യം നോക്കുന്നത് താൻ കഴിഞ്ഞ ദിവസം നവമാധ്യമങ്ങളിൽ പങ്കുവെച്ച ചിത്രങ്ങളും പ്രസ്താവനകളും എത്ര പേർ കണ്ടുവെന്നും, എത്രത്തോളം പ്രശംസലഭിച്ചുവെന്നുമാണ്.

ആശയവിനിമയം നടത്തുവാൻ, വിവരങ്ങൾ പങ്കുവെക്കാൻ ഉപയോഗിക്കുന്ന ഉപാധികളെയാണ് "മാധ്യമം" എന്നത് കൊണ്ട് നാം ഉദ്ദേശിക്കുന്നത്. അതിൽ തന്നെ ദൃശ്യ-ശ്രവ്യമാധ്യമങ്ങൾ ഉൾപ്പെടുന്നു. പത്രമാധ്യമങ്ങൾ, വാർത്താ ചാനലുകൾ, രചനകൾ, റേഡിയോ, മൊബൈൽ ഫോണുകൾ തുടങ്ങിയവയെല്ലാം ഇതിൽ ഉൾപ്പെടുന്നു.

"നിങ്ങളോർക്കുക നിങ്ങളെങ്ങനെ
നിങ്ങളായെന്ന്"

നമ്മൾ മലയാളികൾ കേട്ടു പരിചയിച്ച കവി-വാക്യമാണിതെങ്കിലും പലപ്പോഴും നാമതിന്റെ വ്യാപ്തിയെക്കുറിച്ച് ചിന്തിക്കാറില്ല. അനാവശ്യമായി പലതിനും സമയം കളയുന്ന നമ്മൾക്ക് ഇതിനായി

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

ചിലവൊഴിക്കാൻ സമയമില്ല. പണ്ട് അന്താരാഷ്ട്ര ക്രിക്കറ്റ് മത്സരങ്ങളും ദേശീയ, സംസ്ഥാന തലങ്ങളിലുള്ള മറ്റു കായികമത്സരങ്ങളുടെ തത്സമയ വിവരണം റേഡിയോയിലൂടെ കേട്ടിരുന്ന ഒരു സമയമുണ്ടായിരുന്നു മലയാളികൾക്ക്. എന്നാൽ കാലാന്തരത്തിൽ ദൃശ്യ-ശ്രവ്യമാധ്യമങ്ങൾ നവീകരിക്കപ്പെട്ടപ്പോൾ നമ്മുടെ സംസ്കാരവും മാറിപ്പോയിരിക്കുന്നു. ടെലിവിഷൻ സംസാരിക്കാത്ത, ലാപ്ടോപ്പുകൾ കണ്ണുതുറക്കാത്ത, മൊബൈൽ ഫോണുകൾ സന്ദേശങ്ങൾ വിളിച്ചുപറയാത്ത ഒരു ദിവസത്തെ കുറിച്ച് മലയാളികൾക്ക് ചിന്തിക്കാൻ പോലും കഴിയാത്ത അവസ്ഥയിലേക്ക് എത്തിയിരിക്കുന്നു.

മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്. സമൂഹത്തോട് ഇടപഴകി അല്ലാതെ അവന് ജീവിതം മുന്നോട്ടുകൊണ്ടുപോവുക അസാധ്യം തന്നെ. ഇങ്ങനെയുള്ള മനുഷ്യനിലെ "സാമൂഹികത"യെ തന്നെ നവമാധ്യമങ്ങൾ പിടിച്ചുലയ്ക്കുകയാണ്. മനുഷ്യന്റെ, "മലയാളികളുടെ" സാമൂഹ്യജീവിതത്തെ തന്റെ കൈപ്പിടിയിൽ ഒതുക്കിയിരിക്കുന്നു സാമൂഹ്യമാധ്യമങ്ങൾ.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

മലയാളികളുടെ സാമൂഹ്യ ജീവിതത്തിൽ ഏറ്റവുമധികം സ്വാധീനം ചെലുത്തുന്ന ഒരു നവമാധ്യമമാണ് "മൊബൈൽ ഫോൺ". മലയാളിയുടെ ഊണിലും ഉറക്കത്തിലും ഇന്ന് "മഹത്വ്യക്തിത്വം". മൊബൈൽ ഫോണുകൾ അതിലുപരി, അതിലെ സാമൂഹ്യമാധ്യമങ്ങൾക്ക് മലയാളി ജീവിതത്തിലുള്ള പങ്ക് എത്രത്തോളമെന്നറിയാൻ നമുക്കു ചുറ്റും ഒന്ന് പരതിയാൽ മതി.

പൊതുനിരത്തിൽ ഒരു അപകടമുണ്ടായാൽ അപകടത്തിൽ പെട്ട വ്യക്തിയെ ആശുപത്രിയിൽ എത്തിയ്ക്കാനല്ല ഇന്ന് മലയാളികൾ ശ്രമിക്കുന്നത്. ആദ്യം തന്നെ കൈയ്യിലിരിക്കുന്ന മൊബൈൽ ഫോണെടുത്ത് അപകട ദൃശ്യങ്ങളും മറ്റും ചിത്രീകരിച്ച് സാമൂഹ്യമാധ്യമങ്ങളിൽ പ്രചരിപ്പിക്കാനാണ് ഇന്നവർക്ക് കമ്പം. മലയാളി മനസ്സുകളുടെ "മനുഷ്യത്വത്തെ" തന്നെ നവമാധ്യമമായ മൊബൈൽ ഫോണും അതിലെ സാമൂഹ്യമാധ്യമങ്ങളും ഇല്ലായ്മപ്പെടുത്തിയിരിക്കുന്നു. സാമൂഹ്യമാധ്യമങ്ങളായ "വാട്സ്ആപ്പ്, ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം, ട്വിറ്റർ തുടങ്ങിയവയുടെ അതിപ്രസരമാണ്

5

മലയാളികളുടെ ജീവിതത്തിൽ ഇന്ന്
പ്രത്യക്ഷമാവുന്നത്.

"മനുഷ്യനായത് കൊണ്ട് മനുഷ്യത്വമുള്ളവനാവില്ല. മനുഷ്യത്വമുള്ളവനാകുമ്പോഴാണ് യഥാർത്ഥ മനുഷ്യനാവുന്നത്".

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ വാക്കുകളാണിവ. നവമാധ്യമങ്ങളുടെ ദുരുപയോഗം വർധിച്ചുവരുന്ന ഈ സാഹചര്യത്തിൽ ഓരോ മലയാളിയും മനസ്സിൽ കുറിയ്ക്കേണ്ട വാക്കുകളാണിവ. ഒരുകാരണവശാലും നവമാധ്യമങ്ങളെ നമ്മുടെ ജീവിതത്തിൽ ആധിപത്യം സ്ഥാപിക്കാൻ അനുവദിക്കാതിരിയ്ക്കുക.

ലോകം നേരിട്ട, ഈ നൂറ്റാണ്ടു കണ്ട ഏറ്റവും വലിയ മഹാമാരിയായ "കോവിഡ്-19" ക്രമാതീതമായി പടർന്നുപിടിച്ചിരുന്ന സാഹചര്യത്തിൽ എത്രത്തോളം വ്യാജവാർത്തകളാണ് നവമാധ്യമങ്ങളിലൂടെ പ്രചരിച്ചത്. ഇത്തരം വ്യാജപ്രചാരണങ്ങൾക്ക് നവമാധ്യമങ്ങൾ വേദിയൊരുക്കുമ്പോൾ ജനങ്ങളിൽ പരിഭ്രാന്തിയുണ്ടാവുകയും അവർക്ക് "നവമാധ്യമങ്ങൾ"

വിശ്വാസ്യത നഷ്ടമാവുകയുമാണ് ചെയ്യുന്നത്. വാർത്താമാധ്യമങ്ങളിൽ പലതും വാർത്താപ്രധാന്യം ഉള്ള വാർത്തകൾക്കപ്പുറം അമിതമായി ആ ഊതിപെരുപ്പിച്ച വാർത്തകൾ സംപ്രേഷണം ചെയ്യുന്നതിലൂടെ ജനങ്ങളുടെ മാധ്യമസംസ്കാരത്തിൽ വ്യതിചലനം സൃഷ്ടിക്കുന്നു.

"മാധ്യമങ്ങൾ" ഇന്ത്യൻ ജനാധിപത്യവ്യവസ്ഥയുടെ (സർക്കാരിന്റെ) നാലാമത്തെ തൂണാണ് എന്നാണ് മഹാത്മ ഗാന്ധി മാധ്യമങ്ങളെ കുറിച്ച് അഭിപ്രായപ്പെട്ടിരിക്കുന്നത്. എന്നാൽ മലയാളികളുടെ നിത്യജീവിതം പരിശോധിച്ചാൽ നവമാധ്യമങ്ങൾ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ പ്രകടമാണ്.

ഇന്നത്തെ യുവതലമുറ മൊബൈൽ ഫോണുകൾ പോലുള്ള നവമാധ്യമങ്ങളെ കൈകാര്യം ചെയ്യുന്നതിൽ അമിതാവേശവും ഉത്സാഹം കാണിക്കുന്നു. പഠനങ്ങൾ പ്രകാരം കുട്ടികളിൽ ക്രമാതീതമായി വർധിക്കുന്ന "സ്ക്രീൻ ടൈം" വലിയ വലിയ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നു.

പ്രളയത്തിന്റെ സമയം കഴിഞ്ഞ് കോവിഡ് കാലമെത്തിയപ്പോൾ മലയാളക്കരയാകെ "ഓൺലൈൻ" വിദ്യാഭ്യാസത്തെ സ്വീകരിച്ചപ്പോൾ കുട്ടികളിൽ നവമാധ്യമങ്ങളുടെ ഉപയോഗം വർധിച്ചതായി കാണാൻ കഴിഞ്ഞു.

"ഒരു നാണയത്തിന്റെ രണ്ടു പുറങ്ങൾ" പോലെ നവമാധ്യമങ്ങൾക്കും ഗുണവും ദോഷവുമുണ്ട്. ഈ കാര്യം മലയാളികൾ പലപ്പോഴും മറന്നുപോകുന്നു. പല കുടുംബബന്ധങ്ങളും ശിഥിലമായിപ്പോകുന്നതിന് അനാവശ്യമായ സാമൂഹ്യമാധ്യമങ്ങളുടെ ഉപയോഗം ഒരു കാരണമാണ്.

ഇഷ്ടപ്പെട്ട സ്ഥലങ്ങൾ സന്ദർശിച്ച് സുന്ദരചിത്രങ്ങൾ പകർത്തി നവമാധ്യമത്തിന്റെ സഹായത്തോടെ സാമൂഹ്യമാധ്യമങ്ങളിൽ പങ്കു-വെയ്ക്കുവാൻ മലയാളിക്ക് പ്രിയം ഏറെയാണ്. കല്യാണവീടുകളിൽ തുടങ്ങി മരണവീട്ടിൽ ആണെങ്കിൽ പോലും, അവിടെ നിന്ന് ചിത്രങ്ങൾ എടുത്തും പാട്ടുകൾക്കൊപ്പം നൃത്തം ചെയ്ത് വീഡിയോയെടുത്തും മൊബൈൽ ഫോൺ

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

എന്ന നവമാധ്യമത്തിലൂടെ സാമൂഹ്യ മാധ്യമങ്ങളിൽ പങ്കുവെയ്ക്കുവാൻ മലയാളികൾക്ക് യാതൊരു ബുദ്ധിമുട്ടും ഇല്ല. സന്തോഷത്തിലും സങ്കടത്തിലും അവൻ ഒപ്പം കൂട്ടുന്നത് ഇപ്പോൾ സാമൂഹ്യ മാധ്യമങ്ങളെയും നവമാധ്യമങ്ങളെയുമാണ്. ഇങ്ങനെ ചിന്തിച്ചാൽ, നമുക്ക് ചുറ്റും ഒന്ന് കണ്ണോടിച്ചാൽ മലയാളികളുടെ സാമൂഹ്യജീവിതത്തിൽ നവമാധ്യമങ്ങൾക്ക് ഉള്ള സ്വാധീനം നമുക്ക് വ്യക്തമായി മനസ്സിലാക്കാം.

" അമിതമായാൽ അമൃതും വിഷം".

ഉപയോഗം കൃത്യമായ രീതിയിലാണെങ്കിൽ മലയാളികളുടെ ജീവിതത്തിൽ ഇത്രയേറെ ഗുണംചെയ്ത മറ്റൊരു വിഭാഗവും കാണില്ല. 2018-19 വർഷങ്ങളിൽ കേരളക്കരയാകെ നാശം വിതച്ച പ്രളയത്തിന്റെ സമയത്ത് വീടുകളിൽ വെള്ളം കയറുകയും ഒറ്റപ്പെട്ടു പോവുകയും ചെയ്തപ്പോൾ മലയാളി - പരസ്പരം ആശയവിനിമയം നടത്താൻ സഹായിച്ചത് മൊബൈൽ ഫോൺ എന്ന നവമാധ്യമം

തന്നെയാണ്. മണ്ണിടിച്ചിലും മഴവെള്ളപ്പാച്ചിലും ഉണ്ടായപ്പോൾ മരണവെപ്രാളംകൊണ്ട് മലയാളികൾ അലമുറയിട്ടുകരഞ്ഞപ്പോൾ രക്ഷാമാർഗ്ഗം തിരയാൻ മറ്റുള്ളവരെ ബന്ധപ്പെടാൻ സഹായിച്ചത് സാമൂഹ്യ മാധ്യമങ്ങളായിരുന്നു. ദുരിതകാലത്ത് പ്രവാസിമലയാളികളിലേക്ക് കേരളത്തിന്റെ അവസ്ഥയുടെ നേർചിത്രങ്ങൾ എത്തിച്ചതിൽ ദൃശ്യ-ശ്രവ മാധ്യമങ്ങൾക്കുള്ള പങ്ക് വളരെ വിലപ്പെട്ടതാണ്.

കൃത്യസമയങ്ങളിൽ സത്യമായ വാർത്തകൾ സംപ്രേക്ഷണംചെയ്തുകൊണ്ട് വാർത്താ ചാനലുകൾ ഒന്നിച്ചപ്പോൾ, മലയാളിയുടെ സാമൂഹ്യജീവിതത്തിന്റെ ഒരു തിരിച്ചുവരവായിരുന്നു അത്. എത്രയെത്ര ക്യാമ്പയിനുകൾ, ബോധവത്കരണ പ്രവർത്തനങ്ങൾ സുപ്രധാന വാർത്തകൾ എന്നിവ അറിയുവാൻ ആ സമയത്ത് നവമാധ്യമങ്ങൾ മാത്രമായിരുന്നു ഉറ്റമാർഗ്ഗം.

കോവിഡ് മഹാമാരിയുടെ സമയത്തും വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം വഴിമുട്ടിപ്പോകും എന്നായപ്പോൾ നവമാധ്യമങ്ങളെ "നേരായ"

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 944 Participant Code: 104

മാർഗത്തിൽ, ബുദ്ധിപരമായി വിനിയോഗിക്കാൻ മലയാളികൾക്ക് കഴിഞ്ഞു. ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ എല്ലാ സാധ്യതകളും നാം വിനിയോഗിച്ചു. മൊബൈൽ ഫോണുകളിൽ നിന്ന് നല്ലതുമാത്രം സ്വീകരിക്കാൻ നാം ശ്രമിച്ചു.

"വിദ്യാഭ്യാസം എന്നത് സമ്പൂർണ്ണതയുടെ ആവിഷ്കാരമാണെന്ന് സ്വാമി വിവേകാനന്ദനും "വിദ്യാഭ്യാസം മനുഷ്യന്റെ ശാരീരികവും മാനസികവും ആത്മീയവുമായ ഉത്തമാംശങ്ങളുടെ ആവിഷ്കാരമാണെന്ന്" മഹാത്മാഗാന്ധിയും പറഞ്ഞത് മലയാളികൾക്ക് സുപരിചിതമാണ്. വിദ്യാർത്ഥികളുടെ ഭാവി ഒരിക്കലും ഇരുട്ടിലാകരുതെന്നും, അവർ പിന്നോട്ടുപോകരുതെന്നും മലയാള മനസ്സ് ~~അ~~ തീരുമാനിച്ചപ്പോൾ മുമ്പിൽ താങ്ങായി ഉണ്ടായിരുന്നത് നവമാധ്യമങ്ങൾ മാത്രമാണ്. ടെലിവിഷൻ എന്ന മാധ്യമത്തിലൂടെ കേരളസർക്കാർ "കൈറ്റ്-വിക്ടേഴ്സ്" എന്ന ചാനലിലൂടെ മലയാളി കുരുന്നുകൾക്ക് മുന്നിൽ അധ്യയന വർഷം ആരംഭിക്കുകയും ക്ലാസ്സുകൾ എടുക്കുകയും ചെയ്തു.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

വിദ്യാർത്ഥികളുടെ പഠനാനുബന്ധ പ്രവർത്തന- 11.
ങ്ങളിൽക്കും മറ്റും സഹായകമായിട്ടുള്ള
"സമഗ്ര" എന്ന വിദ്യാഭ്യാസ പോർട്ടലും നവമാധ്യമ-
ങ്ങൾ മികച്ച രീതിയിൽ "മലയാളി" പ്രയോജന-
പ്പെടുത്തുന്നതിന്റെ മുഖചിത്രങ്ങളാണ്.

ഇത്തരം പരീക്ഷകളിലേക്ക് അപേക്ഷിക്കുന്ന-
തിനും, കേരളസർക്കാർ നടത്തിയ പരീക്ഷകളുടെ
ഫലം പ്രഖ്യാപിക്കുന്നതിനും, യാതൊരു വിവേചന-
വുമില്ലാതെ എല്ലാവരിലേക്കും എത്തിക്കുന്നതിനും
നമ്മൾ നവമാധ്യമങ്ങളുടെ സഹായത്തോടെ
നൂതന ആശയങ്ങളും സാമഗ്രികളും ഉപയോഗി-
ക്കുന്നു. 'നവമാധ്യമങ്ങളുടെ പ്രയോജനപ്രദമായ
ഉപയോഗത്തിലൂടെ, നൂതന സാങ്കേതികവിദ്യ-
യുടെ സഹായത്തോടുകൂടി മലയാളക്കരയിൽ
വിദ്യാഭ്യാസ മേഖല മുന്നോട്ടു വെച്ച "സ്കൂൾവിക്കി"
പ്രശംസനീയമാണ്. പൊതുവിദ്യാലയങ്ങളിൽ
സ്മാർട്ട് ക്ലാസ്റൂമുകൾ വന്നതോടെ, സാങ്കേതിക
വിദ്യയുടെ സഹായത്തോടെ പഠനം കൂടുതൽ
രസകരമാക്കാൻ നമുക്ക് സാധിച്ചു.

മൊബൈൽ ഫോൺ എന്ന നവമാധ്യമം

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

കേവലം "വീഡിയോ ഗെയിമുകൾ" കളിക്കുവാൻ ഉപയോഗിക്കുന്നതിനു പകരം കൂടുതൽ അറിവു നേടുവാൻ വേണ്ടി നമ്മൾ ഉപയോഗിച്ചു തുടങ്ങി. 12
ബാല്യകാലത്ത് നാം ആർജ്ജിക്കുന്ന അറിവുകൾ, ബാലപാഠങ്ങൾ നാം ഒരിക്കലും മറക്കുകയില്ല. അതിനാൽ സ്കൂൾ വിദ്യാഭ്യാസ കാലത്തു തന്നെ കുട്ടികൾക്ക് "നവമാധ്യമങ്ങൾ എങ്ങനെ ഗുണകരമായി ഉപയോഗിക്കാം" എന്നതിനെ പറ്റി മനസ്സിലാക്കി കൊടുക്കേണ്ടത് അനിവാര്യമാണ്. ഇതിനായി, ആധുനിക സാങ്കേതിക വിദ്യ കുട്ടികൾക്ക് അനുഭവവേദ്യമാക്കുന്നതിനു വേണ്ടി സർക്കാർ ആരംഭിച്ച "ലിറ്റിൽ കൈറ്റ്സ്" ക്ലബ്ബുകൾ ഉപയോഗപ്പെടുത്താം. കലോത്സവ മേളയിലും ശാസ്ത്രമേളകളിലും വിദ്യാർത്ഥികളെ വൈജ്ഞാനികമായി നവമാധ്യമങ്ങൾ സഹായിക്കുന്നു.

ശാസ്ത്രം എന്നത് സത്യമാണ്. സാങ്കേതിക വിദ്യയെന്നാൽ ജീവിതത്തിൽ പ്രവർത്തനങ്ങൾ ആയാസകരമാക്കാൻ നമ്മെ സഹായിക്കുന്നതാണ്. അപ്പോൾ ശാസ്ത്രസാങ്കേതിക വിദ്യ ജീവിതത്തിൽ വളരെ പ്രധാന്യം അർഹിക്കുന്നു. ഇതിന്റെ സന്തതിയായ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

നവമാധ്യമങ്ങൾ മലയാളികളുടെ ദൈനം-
ദിനജീവിതത്തിന്റെ ഒരു ഭാഗമാവുമ്പോൾ അത്
സൂക്ഷിച്ചുപയോഗിക്കാൻ നാം ശ്രമിക്കേണ്ടതുണ്ട്.
നവമാധ്യമങ്ങളുടെ ഭാഗമായി വരുന്ന സാമൂഹ്യ-
മാധ്യമങ്ങൾ ഉപയോഗിക്കുമ്പോൾ നാം ശ്രദ്ധി-
ക്കേണ്ട ഒന്നുണ്ട്: ~~"അവന~~

"അവനവനാത്മസുഖത്തിനാചരി-
ക്കുന്നവ അപരനുസുഖത്തിനായ്
വരേണം"

ശ്രീനാരായണഗുരുവിന്റെ ഈ വാക്യ-
ങ്ങൾ തന്നെയാണവ. നമ്മുടെ ഇഷ്ടത്തിനനുസരിച്ച്
സാമൂഹ്യമാധ്യമങ്ങൾ ഉപയോഗിക്കുമ്പോൾ
മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാക്കാതെ സൂക്ഷിക്കുക.
ജീവിതത്തിൽ നമ്മൾ സുഹൃത്തുക്കളെ
തിരഞ്ഞെടുക്കുമ്പോൾ നന്നായി ശ്രദ്ധിക്കണം.
സാമൂഹ്യമാധ്യമങ്ങളിൽ - നവമാധ്യമങ്ങളിൽ
നിന്ന് നമുക്ക് ലഭിക്കുന്ന സൗഹൃദങ്ങൾ
എല്ലാം നന്നാവണമെന്നില്ല.

"ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട"
എന്നത് ഓർക്കുക.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

വെള്ളം കലർന്ന പാലിൽ നിന്നും ഒരു ഹംസം എങ്ങനെയാണോ പാലു മാത്രം വേർതിരിച്ചു കുടിക്കുക - അതുപോലെ നവമാധ്യമങ്ങളിൽ നിന്നും നല്ലതു മാത്രം സ്വീകരിക്കുക.

ജീവിതത്തിന്റെ ഉത്തുംഗശൃംഖങ്ങളിൽ എത്തിച്ചേരാൻ നവമാധ്യമങ്ങൾ നല്ലരീതിയിൽ ഉപയോഗിക്കാം---

നവമാധ്യമങ്ങളുമായി ബന്ധപ്പെട്ട ബോധവത്കരണ ക്ലാസ്സുകൾ നടത്തുന്നതിനും മറ്റുമായി നമ്മുടെ വിദ്യാലയങ്ങളിലെ "നല്ലപാഠം", "സീഡ്", "വിദ്യാരംഗം" തുടങ്ങിയ ക്ലബ്ബുകൾ ഉപയോഗിക്കാം --- സമൂഹത്തിന്റെ ഉന്നമനത്തിനായി ഒന്നിച്ചു പ്രവർത്തിക്കാം.

"ലോകാ സമസ്താ സുഖിനോ ഭവന്തു:"

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)